(ഡി) ഐ.ആർ.ഡി.പി. ഗുണഭോക്താക്കളുടെ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ആവശ്യമായ വിപണന സംവിധാനം സംഘടിപ്പിക്കുക, അവർക്ക് ആവശ്യമായി വരുന്ന സംസ്കൃത സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുക ഇവയാണ് സൊസൈറ്റിയുടെ ലക്ഷ്യം.

തൊഴിൽ സമരങ്ങൾ

* 61 [103] ഡോ. എ. സുബ്ബറാവു:
ശ്രീ. എം.കെ. കേശവൻ:
,, കെ.ടി. കണാരൻ:
,, വി.കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സഭയം മറുപടി നൽകുമോ:

(എ) 1985 ആഗസ്റ്റ് 18 വരെ എത്ര തൊഴിൽ സമരങ്ങൾ തീരുമാനമാകാതെ ബാക്കിയുണ്ട്;

(ബി) തൊഴിൽ സമരം നടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാം; മറ്റു സ്ഥാപനങ്ങൾ ഏതെല്ലാം;

(സി) ഈ തൊഴിൽ തർക്കങ്ങളിൽ തൊഴിലാളികൾ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ എന്തെല്ലാം?

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) നാല് എണ്ണം.

(ബി) പൊതുമേഖലാ സ്ഥാപനങ്ങൾ

1. സ്റ്റീൽ ഇൻഡസ്ട്രീസ്, കേരള, ആലപ്പുഴ.
2. ഷിപ്പ് ബ്രേക്കിംഗ് യൂണിറ്റ്, ബേപ്പൂർ.

സഹകാര്യമേഖലാ സ്ഥാപനങ്ങൾ

1. ഗ്വാളിയോർ റയോൺസ്, കോഴിക്കോട്.
2. കൊക്കോ പ്രൊക്യൂർമെന്റ് സെന്റർ, കോട്ടയം.

(സി) 1. സ്റ്റീൽ ഇൻഡസ്ട്രീസ്, കേരള. വേതനം പുതുക്കൽ തുടങ്ങിയ തൊഴിലാളികളുടെ വിവിധ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി മാനേജ്മെന്റിൽ സമ്മർദ്ദം ചെലുത്തുന്നതിനു വേണ്ടിയാണ് സ്റ്റീൽ ഇൻഡസ്ട്രീസ് കേരളയിലെ തൊഴിലാളികൾ 5–8–1985 മുതൽ സമരം ആരംഭിച്ചത്.

2. ഷിപ്പ് ബ്രേക്കിംഗ് യൂണിറ്റ്, ബേപ്പൂർ. ദീർഘകാല കരാർ പൂർത്തിയാക്കിക്കിട്ടുന്നതിനുവേണ്ടിയാണ് 5–8–1985-ൽ ഷിപ്പ് ബ്രേക്കിംഗ് യൂണിറ്റ്, ബേപ്പൂരിലെ തൊഴിലാളികൾ സമരം തുടങ്ങിയത്.

3. ഗ്വാളിയോർ റയോൺസ്, കോഴിക്കോട്. ഗ്വാളിയോർ റയോൺസിലെ പൾപ്പ് ആൻഡ് സ്പേപ്പിൾ ഫൈബർ ഡിവിഷനിലെ തൊഴിലാളികൾ ബോണസ്സും മറ്റ് ആനുകൂല്യങ്ങളും നേടിയെടുക്കുന്നതിലേക്കായി 7-7–1985 മുതൽ സമരം ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

4. കൊക്കോ പ്രോക്യൂർമെൻറ് സെൻറർ, കോട്ടയം. വേതന വർദ്ധനവ് ബോണസ് തുടങ്ങിയ തങ്ങളുടെ വിവിധ ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് വേണ്ടിയാണ് കൊക്കോ പ്രൊക്യൂർമെൻറ് സെൻററിലെ തൊഴിലാളികൾ 10–6–1985 മുതൽ സമരം ചെയ്യുന്നത്.

1984–85–ൽ സംയോജിത ഗ്രാമവികസന പദ്ധതിയനുസരിച്ച് ചെലവാക്കുവാൻ ഉദ്ദേശിക്കുന്ന തുക

* 62 [104] ശ്രീ. പി. വിജയദാസ്:
,, വി.സി. കബീർ:
,, എ.സി. ഷൺമുഖദാസ്:
,, കെ.കെ. ബാലകൃഷ്ണൻ:
,, കെ. ശങ്കരനാരായണ പിള്ള:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1984–85 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് സംയോജിത ഗ്രാമവികസന പദ്ധതിയനുസരിച്ച് ആകെ എത്ര രൂപയാണ് ചെലവഴിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇതിൽ ലോൺ, സബ്സിഡി എന്നിവ എത്രയാണെന്നു വെളിപ്പെടുത്താമോ;

(സി) ഈ പദ്ധതിയനുസരിച്ച് ഒരു തവണ സഹായം ലഭിച്ചിട്ടും സാമ്പത്തികമായി മുന്നോട്ടു വന്നിട്ടില്ലാത്ത കുടുംബങ്ങൾക്ക് രണ്ടാം തവണയും സഹായം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ലോണായി എത്രയെന്നും സബ്സിഡിയായി പരമാവധി എത്രയെന്നും വെളിപ്പെടുത്താമോ?

സാമൂഹ്യ വികസന വകുപ്പു മന്ത്രി (ശ്രീ. പി.കെ. വേലായുധൻ):

(എ) 1984–85 വർഷത്തിൽ സംസ്ഥാനത്ത് ഓരോ ബ്ലോക്കിലും സബ്സിഡിയായി 8 ലക്ഷം രൂപ പ്രകാരം 151 ബ്ലോക്കുകളിലായി 1208 ലക്ഷം രൂപയാണ് സബ്സിഡി നൽകുവാൻ ഉദ്ദേശിച്ചിരുന്നത്.

(ബി) 1984–85–ൽ 1241.56 ലക്ഷം രൂപ സബ്സിഡിയായും 2576.22 ലക്ഷം രൂപ ലോണായും മൊത്തം 3817.87 ലക്ഷം രൂപ മൊത്തം ധനസഹായമായി കൊടുത്തിട്ടുണ്ട്.

(സി) ഉദ്ദേശിക്കുന്നുണ്ട്.

(ഡി) സബ്സിഡിയായി 400 രൂപയാണ് നിജപ്പെടുത്തിയിട്ടുള്ളത്. ലോണിൻെറ കാര്യത്തിൽ പരിധി നിശ്ചയിച്ചിട്ടില്ല. 1980–81, 1981–82 കൊല്ലങ്ങളിൽ സഹായം ലഭിച്ച കുടുംബങ്ങളിൽ ദാരിദ്ര്യരേഖ കടക്കാത്ത കുടുംബങ്ങൾക്കാണ് രണ്ടാമത്തെ പ്രാവശ്യം സഹായം നൽകുന്നതിന് കേന്ദ്രസർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly